LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മണ്ണത്തി മുതൽ മഞ്ചേശ്വരം വരെയുള്ള ക്യാമറ നിരീക്ഷണ പദ്ധതിയുടെ ഭാഗമായി കണ്ണൂർ - കോഴിക്കോട് ദേശീയ പാതയിൽ 18 ഓളം സ്ഥലങ്ങളിൽ ക്യാമറാനിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ ക്യാമറകളുടെ ആവശ്യകത വരികയാണെങ്കിൽ ആവശ്യമായ പരിശോധനകൾക്കു ശേഷം അവ സ്ഥാപിക്കാവുന്നതാണ്.

(സി) വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഇതിനുള്ള പരിഹാരം കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റോഡ് സേഫ്റ്റി കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സ്വകാര്യ ബസുകൾക്ക് പെർമിറ്റുകൾ പുതുക്കി നൽകൽ

331 (3843) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫാസ്റ്റുകളും സൂപ്പർ ഫാസ്റ്റുകളുമായി സർവ്വീസ് നടത്തിയിരുന്ന സ്വകാര്യ ബസുകൾക്ക് പെർമിറ്റുകൾ പുതുക്കി ലിമിറ്റഡ് സ്റ്റോപ്പ്, ഓർഡിനറി പെർമിറ്റുകൾ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഫാസ്റ്റ് സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ നടത്താൻ കെ.എസ്.ആർ.ടി.സി -യ്ക്ക് മാത്രമേ അധികാരമുള്ളുവെന്നും സ്വകാര്യ ബസ്സുകൾക്ക് അതിനുള്ള അവകാശമില്ലെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത കോടതിവിധി അട്ടിമറിച്ച് ദീർഘദൂര റൂട്ടുകളിലെ സർവ്വീസ് വീണ്ടും സ്വകാര്യ ബസ് ഉടമകൾക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. എന്നാൽ സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി-യ്ക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് എസ്.ആർ.ഒ. നമ്പർ 555/2013 സർക്കാർ വിജ്ഞാപനം ചെയ്ത സ്കീം നിലനിൽക്കത്തക്കതാണ് എന്ന് കോടതി ഉത്തരവായിട്ടുണ്ട്.

(സി) കോടതി വിധി അട്ടിമറിച്ചിട്ടില്ല. എന്നാൽ ടി സ്കീം പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് സൂപ്പർ ക്ലാസ് സർവ്വീസ് പെർമിറ്റ് നഷ്ടപ്പെട്ടതും തുടർന്ന് പെർമിറ്റ് നഷ്ടപ്പെടുന്നതുമായ സ്വകാര്യ സ്റ്റേജ് കാര്യേജുകൾക്ക് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി പെർമിറ്റുകൾ നൽകാൻ 20-8-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 45/2015/ഗതാ പ്രകാരം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സ്കീമിന് യാതൊരു മാറ്റവും വരുത്താതെ നിലനിർത്തിയിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിന്റെ ശബരിമല സെയ്ഫ് സോൺ പദ്ധതി

332 (3844) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിൽ ശബരിമല സെയ്ഫ് സോൺ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര ടെക്നിക്കൽ ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളത്;

(ബി) ഇവരെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെടുത്തിയതുമൂലം വകുപ്പിലെ മറ്റ് ഓഫീസുകളിലുള്ള ടെക്നിക്കൽ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 65 ഉദ്യോഗസ്ഥരെ.

(ബി) ഒരാൾക്ക് ഒരു സ്പെൽ (ആറ് ദിവസത്തെ ഡ്യൂട്ടി) വീതമാണ് അനുവദിച്ചിരിക്കുന്നത്. ഓഫീസുകളിൽ ടെക്നിക്കൽ ഉദ്യോഗസ്ഥരുടെ കുറവ് കാര്യമായി ബാധിക്കാതിരിക്കുവാൻ ഉദ്യോഗസ്ഥരെ റൊട്ടേഷൻ രീതിയിലാണ് ഡ്യൂട്ടികൾക്കായി ക്രമീകരിച്ചിരിക്കുന്നത്.

(3501,3506, 3509, 3513, 3538, 3543, 3549, 3562, 3573, 3581, 3637, 3701, 3727 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly